# കേരള സർവകലാശാല

## ഒന്നാം വർഷ എം.എഡ് പ്രവേശനം – 2026

### ജനറൽ/എസ്.സി/എസ്.ടി/ഭിന്നശേഷി വിഭാഗക്കാർ മറ്റ് സംവരണ വിഭാഗങ്ങൾ എന്നിവർക്ക് - സ്പോട്ട് അലോട്ട്മെന്റ്

## നിർദ്ദേശങ്ങൾ

- കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവണ്മെന്റ്/ എയ്ഡഡ്/ സ്വാശ്രയ കോളേജുകളിലെ ഒന്നാം വർഷ എം.എഡ് കോഴ്സിലേയ്ക്ക് 08/06/2026-ന് **കേരള സർവ്വകലാശാല സെനറ്റ് ഹാൾ, പാളയം, തിരുവനന്തപുരം** വച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നതാണ്.
- വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട് ,യോഗ്യത തെളിയിക്കുന്ന മാർക്ക് ലിസ്റ്റ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (Graduates of other Universities), Non Creamy Layer Certificate (for SEBC Candidates), കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് (SC, ST Candidates ) EWS സർട്ടിഫിക്കറ്റ് , ഭിന്നശേഷി തെളിയിക്കുന്ന രേഖ (for Differently Abled Candidates), മറ്റു യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കേണ്ടതാണ്.
- **വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടുമായി കേരള സർവ്വകലാശാല സെനറ്റ് ഹാളിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.**
- **വിദ്യാർത്ഥിക്ക് ലഭിച്ച റാങ്ക് അനുസരിച്ചാണ് കൗൺസിലിങ്. ആയതിനാൽ റാങ്ക് വിളിക്കുന്ന സമയം വിദ്യാർത്ഥിയോ പ്രതിനിധിയോ ഹാജരാകാത്ത പക്ഷം റാങ്ക് ലിസ്റ്റിലെ അടുത്ത ആളെ പരിഗണിക്കുന്നതാണ്. ഇങ്ങനെ സീറ്റ് നഷ്ടപ്പെടുന്ന വിദ്യാർത്ഥിക്ക് പിന്നീട് ആ സീറ്റ് ആവകാശപ്പെടാൻ സാധിക്കില്ല.**

- അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. ഏതെങ്കിലും കാരണത്താൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് അനുമതി പത്രം (authorization letter) നൽകി പ്രതിനിധിയെ അയക്കാവുന്നതാണ്.
- സ്പോട്ട് അലോട്ട്മെന്റിൽ കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് (എസ്.ടി/എസ്.സി/OEC വിഭാഗങ്ങൾക്ക് 230/- രൂപ, ജനറൽ / മറ്റ് സംവരണ വിഭാഗങ്ങൾക്ക് 2050/- രൂപ) അടയ്ക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല.
- നിലവിൽ സർവകലാശാല അഡ്മിഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്തിട്ടില്ലാത്തവരെയും, 10 മണിക്ക് ശേഷം ഹാജരാകുന്നവരെയും റാങ്ക് ലിസ്റ്റിലെ വിദ്യാർത്ഥികളെ പരിഗണിച്ചതിന് ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് പരിഗണിക്കുന്നതാണ്.
- ഓരോ കോളേജിലെയും റാങ്ക് ലിസ്റ്റ് കേരള സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (http://admissions.keralauniversity.ac.in/med2026)
- പന്തളം എൻ.എസ്.എസ് ട്രെയിനിങ് കോളേജിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റിലേക്കും അന്നേ ദിവസം സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നതാണ്.
- അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ എല്ലാ അസൽ രേഖകളുമായി **2026 ജൂൺ 9, 10 തീയതികളിൽ അതാത് കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടതാണ്.**

**രജിസ്ട്രാർ**